"ഭരണഭാഷ - മാതൃഭാഷ"

നം. P(IT)/12877/2017(2)/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം - 33
തീയതി: 21.02.2018
ഫോൺ: 0471-2303107

## സർക്കുലർ

വിഷയം:- 14.02.2018 ന് നടന്ന ORICE (എഡ്യൂസാറ്റ്) നോഡൽ ഓഫീസർമാരുടെ യോഗത്തിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ ക്ലാസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കോളേജ് പ്രിൻസിപ്പാൾമാർക്കും നോഡൽ ഓഫീസർമാർക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

******

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം പാളയം ഗവൺമെന്റ് സംസ്കൃത കോളേജ് കാമ്പസിൽ പ്രവർത്തിക്കുന്ന 'മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ മുഖേന 'Beyond syllabi', 'മലയാള സാഹിത്യയാത്ര,' 'Winglish' എന്നീ പഠന പരമ്പരകളിലായി തിങ്കൾ മുതൽ വെള്ളി വരെ വൈകുന്നേരം 3.30 മുതൽ 4.30 വരെ ORICE ഓൺലൈൻ ക്ലാസുകൾ നൽകി വരുന്നു. മേൽ ഓൺലൈൻ ക്ലാസുകളുടെ പൂർണ്ണ പ്രയോജനം വിദ്യാർത്ഥി സമൂഹത്തിലേക്ക് എത്തിക്കുന്നതിനായി ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഓൺലൈൻ ക്ലാസുകളുടെ മികച്ച ഏകോപനത്തിനായി കോളേജ് പ്രിൻസിപ്പാൾ ചെയർമാനും നോഡൽ ഓഫീസർ കൺവീനറും കോളേജിൽ നിലവിലുള്ള എല്ലാ വിഷയങ്ങളിലെയും ഓരോ അദ്ധ്യാപകർ Subject expert ആയും ഒരു ORICE (Online Resources Initiatives of Collegiate Education) കമ്മിറ്റി രൂപീകരിച്ച് പ്രിൻസിപ്പാൾ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.
2. ഓൺലൈൻ ക്ലാസുകളുടെ വിശദാംശങ്ങൾ നൽകുന്ന അറിയിപ്പിൽ അത് ഉൾപ്പെടുന്ന മേഖലക്കനുസരിച്ച് നോഡൽ ഓഫീസർ Subject expert ന് രേഖാമൂലം അറിയിപ്പ് നൽകേണ്ടതാണ്. ടി Subject expert തങ്ങളുടെ ഡിപ്പാർട്ട്മെന്റിലുള്ള ഡിസിപ്ലിനിലും വിദ്യാർത്ഥികളെ നിർബന്ധമായും ടി ഓൺലൈൻ ക്ലാസിൽ പങ്കെടുപ്പിക്കേണ്ടതാണ്.

1568161 GOVERNMENT OF KERALA

3. പൊതുവായ വിഷയങ്ങളിൽ നോഡൽ ഓഫീസർ പ്രിൻസിപ്പാൾ മുഖേന എല്ലാ Subject expert കൾക്കും രേഖാമൂലം അറിയിപ്പ് നൽകി വിദ്യാർത്ഥികളുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്
4. ലൈവ് ക്ലാസുകളിൽ വിദ്യാർത്ഥികളുടെ പെരുമാറ്റ രീതികൾ ശ്രദ്ധിക്കപ്പെടുമെന്ന തിനാൽ ക്ലാസിന്റേതായ അച്ചടക്കം പാലിക്കാൻ നോഡൽ ഓഫീസറും Subject expert ഉം വിദ്യാർത്ഥികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.
5. ഓൺലൈൻ ക്ലാസുകൾ നടക്കുന്നത് സംബന്ധിച്ച് പ്രിൻസിപ്പാൾമാർ കോളേജുകളിൽ വേണ്ടത്ര പ്രചാരം നൽകേണ്ടതാണ്. സാദ്ധ്യമാകുമെങ്കിൽ എഡ്യൂസാറ്റ് ക്ലാസ് സംബന്ധിച്ച അറിയിപ്പിനായി ഡിസ്‌പ്ലേ ബോർഡ് ഉപയോഗി ക്കാവുന്നതാണ്. ക്ലാസും ഡിസ്‌പ്ലേ ബോർഡിൽ പ്രദർശിപ്പിക്കാവുന്നതാണ്.
6. വിദ്യാർത്ഥി സമൂഹത്തിൽ ഇംഗ്ലീഷ് സ്വാധീനശേഷി വർദ്ധിപ്പിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള 24 ഇംഗ്ലീഷ് ക്ലാസുകളിലേയ്ക്ക് പങ്കെടുപ്പിക്കുന്നതിനായി ഡിഗ്രി വിദ്യാർത്ഥികളെ (മിനിമം 30 പേരെ) രജിസ്റ്റർ ചെയ്യുകയും, എല്ലാ ക്ലാസുകളിലും അവരുടെ സാന്നിധ്യം ഉറപ്പാക്കേണ്ടതുമാണ്. നോഡൽ ഓഫീസർ അവരുടെ ഹാജർ എടുക്കേണ്ടതും പകർപ്പ് ORICE ലേക്ക് അയച്ചുതരേണ്ടതുമാണ്.
7. ORICE ക്ലാസ്റൂമിന്റെ ഒരു സ്റ്റോക്ക് രജിസ്റ്റർ അടിയന്തിരമായി ആരംഭിച്ച് ഉപകരണങ്ങളുടേയും സാധനസാമിഗ്രികളുടേയും വിശദാംശങ്ങൾ ലഭ്യമാക്കാൻ പ്രിൻസിപ്പാൾ നോഡൽ ഓഫീസർക്ക് നിർദ്ദേശം നൽകേണ്ടതാണ്. ആയത് പ്രിൻസിപ്പാൾ പരിശോധിച്ച് മേലൊപ്പ് വയ്ക്കേണ്ടതാണ്.
8. ഇ-ഗവേണൻസിന്റെ ഭാഗമായി ലഭ്യമായ കമ്പ്യൂട്ടറുകൾ ഫലപ്രദമായി വിനിയോഗിക്കാൻ പ്രിൻസിപ്പാൾ ശ്രദ്ധിക്കേണ്ടതാണ്. ആയത് ഉപയോഗിക്കാതെ വയ്ക്കുവാൻ പാടില്ല.
9. Subject expert മാർ തങ്ങളുടെ ഡിപ്പാർട്ട്മെന്റിൽ വിദ്യാർത്ഥികളുടെ E-learing ക്ലബ് രൂപികരിച്ച് ആയതിന്റെ വിശദാംശങ്ങൾ നോഡൽ ഓഫീസർക്കും പ്രിൻസിപ്പാളിനും ലഭ്യമാക്കേണ്ടതാണ്.
10. വൈകുന്നേരം 3.30 മുതൽ 04.30 വരെയുള്ള ഓൺലൈൻ ക്ലാസുകളിൽ വിദ്യാർത്ഥികൾ നിർബന്ധമായും പങ്കെടുക്കണമെന്ന് പ്രിൻസിപ്പാൾ നിർദ്ദേശിക്കേണ്ടതാണ്. കുട്ടികൾക്ക് വൈകുന്നേരം യാത്രചെയ്യുവാൻ പൊതുഗതാഗത സംവിധാനങ്ങളുടെ അപര്യാപ്തത ഉള്ളപക്ഷം മേൽ വിഷയം

CDC ചെയർമാൻ കൂടിയായ ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി ആയതിന് അടിയന്തിര പരിഹാരം കാണേണ്ടതാണ്.

11. ഓൺലൈൻ ക്ലാസുകൾ സംബന്ധിച്ച സേവനങ്ങൾക്ക് oricekerala@gmail.com എന്ന e-mail മേൽ വിലാസത്തിൽ ബന്ധപ്പെടുക.

ഒപ്പ്/-

എം.എസ്.ജയ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. എല്ലാ പ്രിൻസിപ്പാൾമാർക്കും (വെബ്സൈറ്റ് മുഖേന)
2. എല്ലാ നോഡൽ ഓഫീസർമാർക്കും (പ്രിൻസിപ്പാൾ മുഖേന)
3. കരുതൽ ഫയൽ / നടപ്പ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ഡി.ജി.22.02.2018

1568163 GOVERNMENT OF KERALA